**പതിനാലാം കേരള നിയമസഭ**
അഞ്ചാം സമ്മേളനം

**തൊഴിൽ സംരംഭങ്ങൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2689 — 09-05-2017-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എൻ. ഷംസീർ** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എത്ര തൊഴിൽ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്; ഇത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗ്രാമ പഞ്ചായത്തുകളിൽ തുണിസഞ്ചി നിർമ്മാണ യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, സോപ്പുൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, മുട്ടക്കോഴി വളർത്തൽ, കൂൺ കൃഷി, പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്, ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്, നാടൻ ഔഷധ യൂണിറ്റ്, കാറ്ററിംഗ് യൂണിറ്റ്, കൊപ്ര യൂണിറ്റ്, ആടു വളർത്തൽ, തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകൽ, വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം, ടൈലറിംഗ്, ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ്, വെളിച്ചെണ്ണ യൂണിറ്റ്, അഗർബത്തി നിർമ്മാണ യൂണിറ്റ്, വെൽഡിംഗ് വർക്ക്സ്, ചക്ക സംസ്കരണ യൂണിറ്റ്, കുടുംബശ്രീ ഹോട്ടൽ ഉൾപ്പടെ 308 തൊഴിൽ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്. നഗരസഭകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**